(ബി) 2013-14 വർഷത്തെ ഡെപ്പോസിറ്റ് ആയി മാറിയ തുകയിൽ 8,62,09,121 രൂപ (എട്ടുകോടി അറുപത്തി രണ്ട് ലക്ഷത്തി ഒൻപതിനായിരത്തി നൂറ്റി ഇരുപത്തി ഒന്ന് രൂപ) ബാലൻസ് ഉണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു :

1	സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ SIDCO, KLDC, KAICO, KESNIK, KITCO, ജില്ലാ നിർമ്മിതി കേന്ദ്രം പത്തനംതിട്ട, ജില്ലാ നിർമ്മിതി കേന്ദ്രം കോട്ടയം, ജില്ലാ നിർമ്മിതി കേന്ദ്രം എറണാകുളം, ജില്ലാ നിർമ്മിതി കേന്ദ്രം മലപ്പുറം, ജില്ലാ നിർമ്മിതി കേന്ദ്രം കാസറഗോഡ്, കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് തുടങ്ങിയ ഏജൻസികളിൽ	6,50,01,925 രൂപ
2	KITTS വഴി നടപ്പിലാക്കുന്ന ട്രെയിനിംഗ് പ്രോഗ്രാമിന്	1,76,87,000 "
3	കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി സിഡ്കോ, എസ്.എം. സോഫ്റ്റ് കമ്പ്യൂട്ടേഴ്സ്, സുൽത്താൻ ബത്തേരി എന്ന ഏജൻസികളിൽ	35,20,196 "
	ആകെ	8,62,09,121 "

ഏജൻസികൾക്ക് കൈമാറിയ തുകകളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നിർവ്വഹണ ഘട്ടങ്ങളിലാണ്.

പട്ടികജാതി കുടുംബങ്ങൾക്ക് വീട്

285 (983) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി കുടുംബങ്ങൾക്ക് അനുവദിച്ച വീടുകളിൽ വലിയൊരു ഭാഗത്തിന്റെ നിർമ്മാണം പാതിവഴിയിൽ നിലച്ചിരിക്കുകയാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർക്കാർ ഫണ്ട് ലഭ്യമാകാത്തതിനാൽ വീടുനിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തവരെ സഹായിക്കാൻ അടിയന്തരമായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഭവന നിർമ്മാണ സാധനങ്ങളുടെ വില, തൊഴിൽ കൂലി, കയറ്റിറക്ക് കൂലി എന്നിവയിൽ ഉണ്ടായ വർദ്ധനവ്, സാമ്പത്തിക പിന്നോക്കാവസ്ഥ എന്നിവ കാരണം പട്ടികജാതിക്കാരുടെ ഭവന നിർമ്മാണത്തിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2007-08 മുതൽ 2013-14 വരെ അനുവദിച്ച 64364 വീടുകളിൽ 10-3-2015 വരെ 52321 എണ്ണം പൂർത്തിയായിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഭവന രഹിത പുനരധിവാസ പദ്ധതി പ്രകാരം നൽകിവന്നിരുന്ന ധനസഹായം ഒരു ലക്ഷം രൂപ മാത്രമായിരുന്നു. ഈ തുകകൊണ്ട് ഭവന നിർമ്മാണം പൂർത്തിയാക്കാൻ കഴിയില്ലെന്ന് ബോധ്യപ്പെട്ടതിനെത്തുടർന്ന് പ്രസ്തുത പദ്ധതി പ്രകാരം നൽകിവരുന്ന ധനസഹായം 2011-12-ൽ 2 ലക്ഷം രൂപയായും തുടർന്ന് 2014-15-ൽ 3 ലക്ഷം രൂപയായും വർദ്ധിപ്പിച്ചു നൽകി. 2007-08 മുതൽ 2013-14 വരെ വകുപ്പിൽ നിന്നും ധനസഹായം അനുവദിച്ച ഗുണഭോക്താക്കളിൽ മൂവൻ ഗഡുക്കളും കൈപ്പറ്റാത്തവർക്ക് അവശേഷിക്കുന്ന ഗഡുക്കൾ പുതുക്കിയ നിരക്കിന് ആനുപാതികമായി നൽകി വരുന്നു.

പട്ടികജാതി വികസന വകുപ്പിൽ നിന്നും ഭവന നിർമ്മാണ ധനസഹായം യഥാസമയം അനുവദിച്ചു വരുന്നുണ്ട്.

പട്ടികജാതി പ്രൊമോട്ടർമാർ

286 (984) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആകെ എത്ര പട്ടികജാതി പ്രൊമോട്ടർമാർ പ്രവർത്തിക്കുന്നുവെന്നും അവർക്ക് നൽകിവരുന്ന അലവൻസ് എത്രയാണെന്നും പറയാമോ ;

(ബി) ഈ വർഷം ഇവരെ പിരിച്ചുവിട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) എങ്കിൽ അതിനുള്ള കാരണങ്ങളെന്താണെന്ന് പറയാമോ ;

(ഡി) പട്ടികജാതി വികസന പ്രവർത്തനങ്ങളിൽ പ്രൊമോട്ടർമാരുടെ സേവനം പൂർണ്ണമായും നിലനിർത്തുവാനും അവർക്ക് നൽകിവരുന്ന അലവൻസ് വർദ്ധിപ്പിക്കുമോ എന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly